(എച്ച്) ലക്ചറർ തസ്തികയിൽ ഏറ്റവും അവസാനമായി നിയമനം നടന്നത് 1996-ലാണ്.

(ഐ) റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകൾ ഐ.എം.ജി.-യിൽ നിലവിലില്ല. ഫാക്കൽറ്റിമാരുടെ ജോലിഭാരം കാര്യക്ഷമതാ പാടവം റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ പോളിസി എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-3-2003-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പ്രൊഫസർ എം. എൻ. വി. നായരെ നിയമിച്ചിരിക്കുകയാണ്. ഒഴിവുള്ള തസ്തികകളിൽ ഏതേതു വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കണമെന്ന് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 7 അംഗങ്ങളെ ഉൾപ്പെടുത്തി ശ്രീ. കെ. ആർ. ശ്രീവത്സൻ കൺവീനറായി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം തസ്തികകൾ നികത്തുന്ന കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

എം.ജി.പി.-യുടെ ഭാഗമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

85 [5820] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പരിപാടി (എം.ജി.പി.)-യുടെ പേരിൽ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖകൾ അനുസരിച്ച് എം.ജി.പി.-ക്കു വേണ്ടിയുള്ള വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ എം.ജി.പി. നടത്തിപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വിവിധ വകുപ്പുകൾക്കായി വാങ്ങിയ വാഹനങ്ങൾ

86 [5821] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളുടെ ആവശ്യത്തിനായി എത്ര മോട്ടോർ വാഹനങ്ങൾ (കാർ, ജീപ്പ് എന്നിവ) വാങ്ങിയെന്നും ഏതൊക്കെ വകുപ്പുകൾക്കായിരുന്നു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly